(എഫ്) മുക്കാലിയിലെ തടയണയുടെ നിർമ്മാണം നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് ഗവൺമെന്റ് കാവേരി നദീജല ട്രിബ്യൂണലിലും, ശ്രീ. ആർ ഗോപാൽജി മദ്രാസ് ഹൈക്കോടതിയിലും ശ്രീ. റ്റി. നഞ്ചൻ കേരള ഹൈക്കോടതിയിലും ഫയൽ ചെയ്തിട്ടുള്ള കേസുകളിൽ സത്യവാങ്മൂലവും എതിർ സത്യവാങ്മൂലവും ഫയൽ ചെയ്തിട്ടുണ്ട്. ഇതിൽ മദ്രാസ് ഹൈക്കോടതിയിലും കേരള ഹൈക്കോടതിയിലും നിലവിലുണ്ടായിരുന്ന കേസുകൾ ബഹുമാനപ്പെട്ട കോടതികൾ തള്ളിക്കളഞ്ഞു. കാവേരി നദീജല ട്രിബ്യൂണലിന്റെ മുക്കാലി തടയണയുടെ നിർമ്മാണം നിർത്തിവയ്ക്കണമെന്ന വിധിയിൻമേൽ സുപ്രീംകോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്.

വൈദ്യുതി ബോർഡിന്റെ പദ്ധതികൾ പൂർത്തിയാക്കി നടപ്പാക്കുന്നതിൽ നേരിടുന്ന അധികചെലവ്

8 (*335) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. വി. ബാലറാം :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ പദ്ധതികൾ പൂർത്തിയാക്കി നടപ്പാക്കുന്ന കാര്യത്തിൽ അധികചെലവ് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അധിക ചെലവ് ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(സി) പ്രസ്തുത കാരണങ്ങൾ ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിച്ചു ;

(ഡി) ഏതെല്ലാം പദ്ധതികളുടെ കാര്യത്തിൽ എന്തു തുകയുടെ അധികച്ചെലവ് വന്നിട്ടുള്ളതായാണ് കണ്ടെത്തിയിട്ടുള്ളത് ;

(ഇ) നിലവിൽ പണി നടന്നുവരുന്ന പദ്ധതികൾക്ക് അധികച്ചെലവ് വേണ്ടിവരുമോ എന്ന് വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) ഉണ്ട്.

(ബി)

1. തൊഴിൽ സമരങ്ങൾ ഒത്തുതീർപ്പാക്കുന്നതിന് കൊടുക്കേണ്ടിവരുന്ന കോമ്പൻസേഷൻ.
2. ജിയോളജിക്കൽ പ്രശ്നങ്ങൾമൂലം ഡിസൈനിൽ വന്ന വ്യതിയാനംമൂലം അധിക ജോലികൾ ആവശ്യമായി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

3. വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭങ്ങൾ മുതലായവമൂലമുണ്ടാകുന്ന നഷ്ടവും, കാലതാമസവും.

4. കാലാകാലങ്ങളിലുള്ള കരാറുകാരുമായുള്ള ഉടമ്പടി റദ്ദാക്കേണ്ടി വരുന്നതും, പകരം സംവിധാനം ഉണ്ടാക്കുന്നതിന് വേണ്ടിവരുന്ന അധിക സമയവും അധികചെലവും.

5. മേൽപ്പറഞ്ഞ കാരണങ്ങൾകൊണ്ടുണ്ടാകുന്നതും മറ്റ് കാരണങ്ങൾ കൊണ്ടുണ്ടാകുന്നതുമായ കാലതാമസംമൂലം നിർമ്മാണ സാമഗ്രികളുടെയും യന്ത്രസാമഗ്രികളുടെയും, തൊഴിലാളികളുടെ വേതനത്തിലും വന്ന വർദ്ധനവ്.

6. വിദേശ നാണയ വിനിമയ നിരക്കിൽ ഉണ്ടാകുന്ന വ്യതിയാനംമൂലം വരുന്ന അധികചെലവ്.

7. സ്ഥലമെടുപ്പിന് അധിക പ്രതിഫലം നൽകേണ്ടി വരുന്നത്.

(സി)

1. റേറ്റ് റിവിഷൻ, റേറ്റ് എസ്കവേഷൻ എന്നിവ നൽകുന്നതിന് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി.

2. തൊഴിലാളി സംഘടനകളുമായി ചർച്ച നടന്ന് തുകയും അതുമൂലം അവരുടെ ഡിമാന്റുകൾ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

3. ജിയോളജിസ്റ്റുകളുടെ സമയബന്ധിതമായ ഉപദേശം തേടൽ.

4. വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം തുടങ്ങിയവമൂലമുള്ള നാശനഷ്ടങ്ങൾ ഒഴിവാക്കുന്നതിന് സാദ്ധ്യമായ മുൻകരുതൽ എടുക്കുക.

5. വർക്കിന് ആവശ്യമായ ഡിസൈനുകളും, ഡ്രോയിംഗുകളും യഥാസമയം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

6. പദ്ധതിയുടെ പുരോഗതി വിലയിരുത്താൻ റിവ്യൂ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും, വീഴ്ചകൾ പരിഹരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

7. ഇവകൂടാതെ സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുന്നതിന് സഹായകമായ നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) ഓരോ പദ്ധതിക്കും ഉണ്ടായ അധികച്ചെലവ് താഴെപറയും പ്രകാരമാണ്,

1. കക്കാട് പദ്ധതി - 134.61 കോടി രൂപ

2. പേപ്പാറ പദ്ധതി - 2.89 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

3.	കല്ലട പദ്ധതി	- 6.22 കോടി രൂപ
4.	കുറ്റ്യാടി എക്സ്റ്റെൻഷൻ പദ്ധതി	- 167.27 കോടി രൂപ
5.	ലോവർ പെരിയാർ പദ്ധതി	- 264.57 കോടി രൂപ
6.	കോഴിക്കോട് ഡീസൽ പവർ പ്ലാന്റ്	- 45 കോടി രൂപ
7.	ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റ്	- 164 കോടി രൂപ
8.	പള്ളിവാസൽ, പന്നിയാർ, ചെങ്കുളം നവീകരണ പദ്ധതി	- 97 കോടി രൂപ
9.	ഇടമലയാർ പദ്ധതി	- 66.63 കോടി രൂപ
10.	പെരിങ്ങൽകുത്ത് ലഫ്റ്റ് ബാങ്ക് എക്സ്റ്റെൻഷൻ	- 33.71 കോടി രൂപ
11.	മാട്ടുപ്പെട്ടി	- 1.80 കോടി രൂപ

(ഇ) ഇപ്പോൾ പണി നടന്നുവരുന്ന പദ്ധതികളിൽ മലങ്കര പദ്ധതിക്കും കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതിക്കും അധികച്ചെലവ് വേണ്ടിവരും. മറ്റ് പദ്ധതികൾ പൂർത്തിയായതിനുശേഷമേ അധികചെലവ് വേണ്ടിവരുമോ എന്ന് കണ്ടെത്താനാകൂ.

ഭൂഗർഭ ജലസംരക്ഷണം

9 (*336) ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂഗർഭജലം സംരക്ഷിക്കുന്നതിന് കൈക്കൊണ്ടുവരുന്ന നടപടികൾ എന്തൊക്കെയാണ് ;

(ബി) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് ഇക്കാര്യത്തിൽ ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(സി) തിങ്ങിനിറഞ്ഞുകൊണ്ടിരിക്കുന്ന കുറ്റൻകെട്ടിടങ്ങൾ ഭൂഗർഭ ജലസമ്പത്തിനെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ, ഇക്കാര്യത്തെക്കുറിച്ച് ജനങ്ങളിൽ കൂടുതൽ അവബോധമുണ്ടാക്കാനുള്ള പദ്ധതി തയ്യാറാക്കുമോ ;

(ഇ) ഭൂഗർഭജല ലഭ്യത കുറഞ്ഞചെലവിൽ കണ്ടെത്തികൊടുക്കുന്നതിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് ചെയ്യുന്ന പ്രവൃത്തികൾ എന്തൊക്കെയാണ് ;

(എഫ്) പ്രസ്തുത പ്രവർത്തനത്തെക്കുറിച്ച് ഗ്രാമീണജനങ്ങളെ ബോധവൽക്കരിക്കാനുള്ള പ്രത്യേക പ്രചരണ പരിപാടി ആരംഭിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly